നിയമസഭാ തെരഞ്ഞെടുപ്പ്

62 (63) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നിയമസഭയിലേക്കുള്ള അടുത്ത പൊതുതെരഞ്ഞെടുപ്പ് എന്ന് നടക്കുമെന്ന് പ്രതീക്ഷിക്കുന്നു ;

(ബി) നിയമസഭയിലേക്ക് നടന്ന കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിൽ എത്ര ബൂത്തുകൾ പ്രശ്നബൂത്തുകളായി കരുതപ്പെട്ടിരുന്നു ;

(സി) അവിടെയെല്ലാം എന്തെല്ലാം പ്രശ്നങ്ങളാണ് അന്നുണ്ടായിരുന്നത് ;

(ഡി) ഈ പ്രശ്നങ്ങളെ അന്ന് എപ്രകാരമാണ് നേരിട്ടത് എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാന നിയമസഭയിലേയ്ക്ക് നടക്കുന്ന അടുത്ത പൊതു തെരഞ്ഞെടുപ്പിൽ എത്ര പ്രശ്ന ബൂത്തുകൾ ഉണ്ടായിരിക്കുമെന്ന് കരുതപ്പെടുന്നു ;

(എഫ്) എന്തെല്ലാം പ്രശ്നങ്ങൾ പ്രസ്തുത ബൂത്തുകളിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു ;

(ജി) ഈ പ്രശ്നങ്ങളെ നേരിടുവാൻ എന്തെല്ലാം ഒരുക്കങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(എച്ച്) ബൂത്ത് പിടിത്തം, വോട്ടർമാരെ ഭീഷണിപ്പെടുത്തി വോട്ടു ചെയ്യുക, ലഹള നടക്കുക, വ്യാപകമായതോതിൽ കള്ളവോട്ടുചെയ്യുക, പോളിംഗ് ബൂത്തുകൾക്കുള്ളിൽ പ്രവർത്തിക്കേണ്ട ആളുകളെ ഭീഷണിപ്പെടുത്തുക, പോളിംഗ് ബൂത്തിൽ പോകുന്നതിനെ തടയുക മുതലായ പ്രശ്നങ്ങളെ എപ്രകാരം നേരിടാനാണ് ഉദ്ദേശിക്കുന്നത് എന്ന് പറയാമോ ;

(ഐ) ഒരു പ്രത്യേക രാഷ്ട്രീയ കക്ഷിയോട് കൂറും വിധേയത്വവും ഉള്ളവരെ മാത്രം പോളിംഗ് ഡ്യൂട്ടിക്കും കൗണ്ടിംഗ് ഡ്യൂട്ടിക്കും നിയോഗിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലെടുക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇക്കാര്യം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ് തീരുമാനിക്കേണ്ടത്. കമ്മീഷനിൽ നിന്നും തീരുമാനം അറിവായിട്ടില്ല.

(ബി) 1963 ബൂത്തുകൾ

(സി) പല സ്ഥലങ്ങളിലും ബൂത്തുകളുടെ മുന്നിൽ വച്ച് എൽ.ഡി.എഫ്.-യു.ഡി.എഫ്. പ്രവർത്തകർ തമ്മിൽ സംഘട്ടനം നടക്കുകയുണ്ടായി. ചില സ്ഥലങ്ങളിൽ മറ്റ് അനിഷ്ട സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മതിയായ പോലീസ് സുരക്ഷാസംവിധാനം ഏർപ്പെടുത്തി പ്രശ്നങ്ങൾ നിയന്ത്രണ വിധേയമാക്കി.

(ഇ&എഫ്) പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം പോലീസ് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്കേ എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാകാൻ സാദ്ധ്യതയുള്ളതെന്ന് വിലയിരുത്താനാവൂ.

(ജി) ജനപ്രാതിനിധ്യ നിയമമനുസരിച്ച് പോളിംഗ് സ്റ്റേഷൻ പരിസരത്ത് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

(എച്ച്) താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

1. മതിയായ പോലീസ് സുരക്ഷാസംവിധാനം ഏർപ്പെടുത്തും.
2. വരുന്ന നിയമസഭാ തെരെഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുവാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.
3. മരിച്ചവരുടേയും സ്ഥലംമാറിപ്പോയവരുടെയും പേരുകൾ നിലവിലുള്ള വോട്ടർപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുവാൻ സത്വര നടപടികൾ എടുത്ത് പൂർത്തീകരിച്ചുവരികയാണ്.
4. പോളിംഗ് ബൂത്തുകൾക്ക് 100 മീറ്ററിനുള്ളിൽ വോട്ടറന്മാരല്ലാത്തവർക്ക് പ്രവേശനം അനുവദിക്കുന്നതല്ല.
5. ജനപ്രാതിനിത്യ നിയമമനുസരിച്ച് പോളിംഗ് സ്റ്റേഷൻ പരിസരത്ത് കർശനമായ മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

(ഐ) കേന്ദ്ര/സംസ്ഥാന ഗവ./പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരെയാണ് ഇടകലർത്തി പോളിംഗ് ഡ്യൂട്ടിക്കും കൗണ്ടിംഗ് ഡ്യൂട്ടിക്കും നിയോഗിക്കുന്നത്.

ഹെഡ്കോൺസ്റ്റബിൾ ബാലകൃഷ്ണൻ മരണപ്പെട്ട സംഭവം

63 (64) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഒന്നാംഘട്ട ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വയനാട് ജില്ലയിലെ ബീരാച്ചി ഗവൺമെന്റ് യു.പി. സ്കൂളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഹെഡ്കോൺസ്റ്റബിൾ ബാലകൃഷ്ണൻ ഡ്യൂട്ടി സമയത്ത് മരണപ്പെട്ടത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാലകൃഷ്ണൻ ഒരു ഹൃദ്രോഗിയായിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ഹൃദ്രോഗം ബാധിച്ചവർക്ക് തെരഞ്ഞെടുപ്പ് ഡ്യൂട്ടിപോലുള്ള ഹെവി ഡ്യൂട്ടി നൽകരുതെന്ന കീഴ്വഴക്കം ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ ലംഘിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly